DESPATCHED
On.9/2/22

24·01·22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


## ഹർജി നമ്പർ AP No.3177 (4)/14 /എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.19897 /എസ്.ഐ.സി–ജി2/2014 )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി:24.01.2022

ശ്രീ കമറുദ്ദീൻ.ടി.എ,
താനിരിക്കുംപൊയിൽ (എച്ച്),
അടിവാരം.പി.ഒ.,
കോഴിക്കോട്–673 586.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി, പുതുപ്പാടി ഗ്രാമപഞ്ചായത്ത് കാര്യാലയം,
   കോഴിക്കോട്.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡയറക്ടർ ഓഫീസ്,കോഴിക്കോട്.

എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 22.06.2021 ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പൊതുതാൽപ്പര്യമുള്ള ഒരു അപേക്ഷ ആയിരുന്നിട്ടു പോലും, അതിൽ നടപടിയെടുക്കാൻ ഒന്നാം എതിർകക്ഷിയായ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി താൽപ്പര്യം കാട്ടിയിട്ടില്ലെന്നും, ആയതുകൊണ്ട് ഉത്തരവ് കൈപ്പറ്റി പരമാവധി ഒരു മാസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും, രേഖകളുടെ പകർപ്പുകളും ടിയാന് നൽകേണ്ടതാണെന്നും, ഇതു സമയബന്ധിതമായി നൽകുന്നതിൽ വീഴ്ച്ച വരുത്തിയ പരാമർശിത കാലയളവിലെ പുൽപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിക്കേണ്ടതുമാണ് എന്നായിരുന്നു ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

2) ഇതനുസരിച്ച് പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം 25.09.2021 ൽ കമ്മീഷന് ലഭിച്ചു. ടി വിശദീകരണത്തിൽ ഇപ്രകാരം പറയുന്നു.

"ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം ടി കാലയളവിലെ എസ്.പി.ഐ.ഒ മാർക്ക് ടി ഓഫീസിലെ A 5-4749/2021 തീയതി 27.07.2021 പ്രകാരം കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ ശ്രീ.രവീന്ദ്രനാഥ് സമർപ്പിച്ച മറുപടി 12.08.2021 ലെ കത്തു പ്രകാരം സമർപ്പിച്ചിരുന്നു. മേൽകാലയളവിൽ ജോലി ചെയ്ത ശ്രീമതി.ആബിദ അറ്റന്റൻസ് രജിസ്റ്ററിന്റെ പകർപ്പ് ആവശ്യപ്പെട്ടതു പ്രകാരം, ടിയാൻ 02.09.2014 മുതൽ 12.11.2014 വരെ സെക്രട്ടറിയായി ചുമതല വഹിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുകയും, ടിയാനോട് മറുപടി അടിയന്തിരമായി ബഹു.സംസ്ഥാന വിവരാവകാശ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പരാതിക്കാരനായ ശ്രീ.കമറുദ്ദീൻ.ടി.എ, താനിരിക്കുംപൊയിൽ എന്നയാൾക്ക്, ശ്രീ.അഹമ്മദ്.ബി.ടി യുടെ ഉടമസ്ഥതയിൽ അടിവാരം ടൗണിൽ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ പെർമിറ്റ്, കംപ്ലീഷൻ പ്ലാനുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് എന്നിവ അനുവദിച്ചിട്ടുണ്ട്."

3) മടവൂർ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി.ആബിദ.റ്റി, 22.09.2021 ൽ കമ്മീഷന് സമർപ്പിച്ച വിശദീകരണത്തിൽ ഇപ്രകാരം പറയുന്നു.

"മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.ആബിദ.റ്റി പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 26.08.2021 ൽ നൽകിയ A1/4003/2021 നമ്പർ കത്തു പ്രകാരം അറ്റന്റൻസ് രജിസ്റ്ററിന്റെ പകർപ്പ് ആവശ്യപ്പെട്ട് നൽകിയ കത്തിന് പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ഞാൻ അധികചുമതല ഏറ്റെടുത്ത കാലഘട്ടം 02.09.2014 മുതൽ 12.11.2014 വരെയാണെന്നും, പുതുപ്പാടി പഞ്ചായത്ത് എസ്.പി.ഐ.ഒ യുടെ 22.09.2021 ലെ A5/4749/21 നമ്പർ കത്തു പ്രകാരം പുതുപ്പാടി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന വിവരാവകാശ കമ്മീഷന്റെ AP3177(4)/2014/SIC എന്ന ഉത്തരവിൽ പ്രതിപാദിക്കുന്ന രണ്ടാം എതിർകക്ഷിയായ ഒന്നാം അപ്പീലധികാരി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.11.2014 ലെ അപ്പീൽ തീർപ്പ് ഉത്തരവു പ്രകാരം ശ്രീ.കമ്മറുദ്ദീൻ.റ്റി.എ ക്ക് മറുപടി നൽകുന്നതിന് ഫയൽ കണ്ടെത്തു ന്നതിനായി 22.09.2014 ൽ യു.ഓ. നോട്ട് നൽകി. ഉത്തരവ് നൽകിയത് ഞാനാണെങ്കിലും, "ഓഫീസിൽ ഫയൽ തെരച്ചിൽ നടത്തിയെങ്കിലും ഫയൽ ഇതുവരെ ലഭിച്ചിട്ടില്ലാ" എന്ന തെറ്റായ മറുപടി 17.12.2014 ൽ നൽകിയത് ഞാനല്ലെന്നും വളരെ താഴ്മയോടെ അറിയിച്ചുകൊള്ളുന്നു.

4) ഈ വിശദീകരണങ്ങളെല്ലാം കമ്മീഷൻ പരിശോധിച്ചു. ശ്രീ.കമ്മറുദ്ധീൻ.ടി.എ വിവരാവകാശ അപേക്ഷകൾ നൽകിയത് 09.06.2014, 18.07.2014 എന്നീ തീയതി കളിലായിരുന്നു. നിലവിലെ എസ്.പി.ഐ.ഒ ആയ പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12.08.2021 ൽ കമ്മീഷന് സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നതിൻ പ്രകാരം വിവരാവകാശ അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകാൻ ചുമതലയുണ്ടായിരുന്നത് 01.04.2014 മുതൽ 01.09.2014 വരെ എസ്.പി.ഐ.ഒ യും, പഞ്ചായത്ത് സെക്രട്ടറിയുമായിരുന്ന ശ്രീ.രവീന്ദ്രനാഥ്.പി.ടി, ഓച്ചോളിൽ, സുരഭി(എച്ച്), അഴിഞ്ഞിലം, ഫറൂക്ക് കോളേജ് ആണ്. എന്നാൽ ടി രവീന്ദ്രനാഥ് 09.08.2021 ൽ പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിന്റെ പകർപ്പ് ടിയാൻ കമ്മീഷന് ലഭ്യമാക്കിയിട്ടുണ്ട്. അതിൽ പറയുന്നത്, ശ്രീ.രവീന്ദ്രനാഥ്.പി.ടി 09.08.2021 11 എ.എം ന് ഓഫീസിൽ ഹാജരായെങ്കിലും, ടിയാന്റെ കത്തിലൂടെ ആവശ്യപ്പെട്ട ഫയലുകളോ, രജിസ്റ്ററുകളോ ഒന്നും ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വിവരാവകാശ അപേക്ഷ സംബന്ധിച്ച് വിശദീകരണമോ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളോ തയ്യാറാക്കി സമർപ്പിക്കാൻ കഴിയാതെ വന്നിരിക്കയാണെന്നും, അതിനാൽ ഇതിന്മേൽ ഉചിതമായ നടപടി കൈക്കൊള്ളണമെന്നുമാണ്.

5) ഇതെല്ലാം പരിശോധിച്ച കമ്മീഷന് ബോധ്യമാകുന്നത് വിവരാവകാശ അപേക്ഷക്ക് സമയബന്ധിതമായി മറുപടി നൽകാൻ ബാധ്യതയുണ്ടായിരുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയ ശ്രീ.രവീന്ദ്രനാഥ്.പി.ടി അപേക്ഷ കൈകാര്യം ചെയ്ത സന്ദർഭത്തിൽ കാണിച്ച അതേ അനവധാനതയും, അലംഭാവവുമാണ് ടിയാന്റെ 09.08.2021 ലെ വിശദീകരണ കുറിപ്പിലും കാണുന്നത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. വിവരാവകാശ നിയമത്തിനും, വിവരാവകാശ അപേക്ഷക്കും പുല്ലുവിലപോലും കൽപ്പിക്കാത്ത നിലപാടാണ് ടിയാന്റേത് എന്നും കരുതേണ്ടിയിരിക്കുന്നു. ഇത് കുറ്റകരവും നടപടി ആവശ്യപ്പെടുന്നതുമായ കാര്യവുമാണ്.

6) ആയതുകൊണ്ട്, ശ്രീ.രവീന്ദ്രനാഥ്.പി.ടി യെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് ടിയാൻ ഉത്തരവ് കൈപ്പറ്റി മടക്കത്തപാലിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ

വിശദീകരണം ലഭിക്കുന്നില്ലായെങ്കിൽ, ഇക്കാര്യത്തിൽ ടിയാന് കൂടുതലൊന്നും ബോധിപ്പിക്കാനില്ലാ എന്ന നിഗമനത്തിൽ കമ്മീഷൻ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

പകർപ്പ്: ശ്രീ.രവീന്ദ്രനാഥ്.പി.ടി, ഓച്ചോളിൽ, സുരഭി(എച്ച്), അഴിഞ്ഞിലം, ഫറൂക്ക് കോളേജ്.

Va